13	കണ്ണൂർ	19430
14	കാസർഗോഡ്	18397
	ആകെ	283456

(ബി) സർവ്വേ നടത്തുന്നുണ്ട്.

(സി) സെൻസസിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ :

1. കേരളത്തിലെ എല്ലാ അംഗപരിമിതരുടെയും എണ്ണം ശേഖരിക്കുക.
2. അംഗപരിമിതരുടെ സ്ത്രീ-പുരുഷ അനുപാതം മനസിലാക്കുക.
3. അംഗപരിമിതരുടെ വൈകല്യത്തിന്റെ ഇനം തിരിച്ചുള്ള വിവര ശേഖരണം.
4. ജന്മനായുള്ളതും ആർജ്ജിതവുമായ അംഗപരിമിതരുടെ വിവര ശേഖരണം.
5. അംഗപരിമിതരുടെ നിലവിലെ സാമൂഹിക സാമ്പത്തിക വിവര ശേഖരണം.
6. അംഗപരിമിതി ഉണ്ടായതിന്റെ കാരണങ്ങൾ.
7. അംഗപരിമിത തിരിച്ചറിയൽ കാർഡ് ലഭിച്ചവരുടെയും ലഭിക്കാനുള്ളവരുടെയും എണ്ണം ശേഖരിക്കുക.

ഈ സെൻസസിലൂടെ ശേഖരിക്കുന്ന സ്ഥിതിവിവരകണക്കുകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് പദ്ധതി ആവിഷ്കരിക്കുന്നതിനും നിർവ്വഹണത്തിനുമായി ലഭ്യമാക്കുന്നതാണ്.

വിഭിന്നശേഷിക്കാർക്ക് വിവേചനമില്ലാതെ സർവ്വീസ് പെൻഷൻ

280 (4326) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിഭിന്നശേഷിക്കാരുടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സർക്കാർ വകുപ്പുകളിലും സർക്കാരിനുകീഴിലെ കോർപ്പറേഷനുകളിലും നിയമനം ലഭിച്ചവരുടെ സൂപ്പർ ആനുവേഷൻ പെൻഷൻ ആനുകൂല്യത്തിൽ വലിയ അന്തരവും വിവേചനവും നിലനിൽക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാരിനുകീഴിലെ ചില ബോർഡ് കോർപ്പറേഷനുകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച വികലാംഗർക്ക് രണ്ട് വർഷം സർവ്വീസ് പൂർത്തിയാക്കിയാൽ സർവ്വീസ് പെൻഷന് അർഹത ലഭിക്കുമ്പോൾ വികലാംഗരുടെ ക്ഷേമത്തിനുവേണ്ടി രൂപീകരിച്ച കോർപ്പറേഷനിൽ സമാനമായ രീതിയിൽ നിയമനം ലഭിച്ച് ഇരുപതും മുപ്പതും വർഷത്തെ സേവന ശേഷവും സർവ്വീസ് പെൻഷന് അർഹത നൽകിയിട്ടില്ലെന്ന കാര്യം അറിവുണ്ടോ ;

(സി) സർവ്വീസ് പെൻഷൻ ആനുകൂല്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അപേക്ഷകൾ പരിശോധിക്കുകയോ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയോ ചെയ്യാതെ വർഷങ്ങളോളം ചില ജീവനക്കാർ മാറ്റി വച്ച് വികലാംഗരുടെ അവകാശ നിഷേധം നടത്തി എന്ന ആവലാതിയെക്കുറിച്ച് അന്വേഷണം നടത്തി നിയമാനുസൃത നടപടി സ്വീകരിക്കുമോ ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച് പെൻഷൻ ലഭിക്കാൻ അർഹമായ സേവനകാലം പൂർത്തിയാക്കിയ എല്ലാ വികലാംഗർക്കും വിവേചനമില്ലാതെ സർവ്വീസ് പെൻഷൻ അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കില-അസിസ്റ്റന്റ് പ്രൊഫസർ തസ്തിക

281 (4327) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇൻസിറ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ എത്ര സ്ഥിരം തസ്തികകൾ ഉണ്ടെന്നും നിലവിൽ ഈ തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly